പുനർവിന്യാസംമൂലം തൊഴിലവസരമില്ലാതാകുമെന്ന ആശങ്ക

16 (1484) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002-ലെ ഗവൺമെന്റ് ഓർഡർ പ്രകാരം ജീവനക്കാരെ പുനർവിന്യസിക്കുന്നതുമൂലം പി.എസ്.സി. ലിസ്റ്റിൽ ഉള്ള ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുമെന്ന ആശങ്ക പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പുനർവിന്യാസം ചെയ്യപ്പെടുന്ന ഓരോ ഒഴിവും റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക് നഷ്ടപ്പെടുന്നതിനുപകരമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) 16-1-2002-നുശേഷം തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ നിന്നായി സർപ്ലസ് മാൻപവർ സെല്ലിലേയ്ക്കും ഫിനാൻസ് എകസ്പെൻഡിച്ചർ കമ്മിറ്റിയിലേയ്ക്കും മുൻകൂർ അനുവാദം ചോദിച്ച് എത്ര എൽ.ഡി.സി. വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ഡി) 16-1-2002-ലെ ഉത്തരവിനുശേഷം തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.സി.(വേരിയസ്) തസ്തികയിൽ റാങ്ക് ലിസ്റ്റിൽ നിന്നും അല്ലാതെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും ആശ്രിത നിയമനങ്ങൾ, ഫിസിക്കലി ഹാൻഡിക്കാപ്ഡ്, ഇന്റർഡിസ്ട്രിക്ട് ട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ എന്നിവ ഏതൊക്കെ വകുപ്പുകളിൽ എത്രവീതം നടന്നു എന്നും വിശദമാക്കാമോ ;

(ഇ) ഫിസിക്കലി ഹാൻഡിക്കാപ്ഡിന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതിനു പുറമേ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ എത്ര എൽ.ഡി.സി. തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) മാനദണ്ഡം ലംഘിച്ചുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)&(ബി) പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കുന്നതിന് ആധാരമായി സർക്കാരിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് അതത് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുണ്ട്. പുനർവിന്യാസ നടപടികൾ മൂലമുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ലിസ്റ്റുകളുടെ കാലാവധി നീട്ടുകയും ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ)&(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly